**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596** **26-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി 22,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയാക്കി ഉയർത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | എ. 20.06.2014 – ലെ സ.ഉ.(എം.എസ്) നം.52/2014/സാക്ഷേവ. നമ്പർ ഉത്തരവ് പ്രകാരം 01.04.2014 മുതൽ 1 ലക്ഷം രൂപയാക്കി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പെൻഷന് അർഹത നേടുന്നതിനുള്ള പ്രായം 65 ൽ നിന്ന് 60 ആയി കുറച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബി. ഉണ്ട്. 04.11.2013 – ലെ സ.ഉ.(എം.എസ്)നം.93/2013/സാക്ഷേവ. നമ്പർ ഉത്തരവ് പ്രകാരം പെൻഷന് അർഹത നേടുന്നതിനുള്ള പ്രായം 65 ൽ നിന്ന് 60 ആയി കുറച്ചിട്ടുണ്ട്. ഉത്തരവ് തീയതിയായ 04.11.2013 മുതൽ ഇതിന് പ്രാബല്യമുണ്ട്. |
| (സി) | 18 വയസ്സായ ആൺമക്കളുള്ള അമ്മമാർക്ക് പെൻഷന് അർഹത നൽകിയത് എന്നാണെന്ന് വിശദമാക്കാമോ; | (സി) | സി. 28.06.2012 – ലെ 7036/2012/സാക്ഷേവ. നമ്പർ സർക്കുലർ പ്രകാരം 18 വയസ്സായ ആൺമക്കളുള്ള അമ്മമാർക്കും പെൻഷന് അർഹത നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | 2011 ഏപ്രിലിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷൻ തുക എത്ര ആയിരുന്നു എന്ന് അറിയിക്കാമോ; | (ഡി) | ഡി. 2011 ഏപ്രിലിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ 400/- രൂപ നിരക്കിലാണ് നൽകിയിരുന്നത്. |
| (ഇ) | 2016 ഏപ്രിലിൽ പ്രസ്തുത തുക എത്ര ആയിരുന്നു എന്ന് വിശദമാക്കാമോ? | (ഇ) | പെൻഷൻ നിരക്ക് (രൂപ) 1. കർഷക തൊഴിലാളി പെൻഷൻ 600 2. വാർദ്ധക്യകാല പെൻഷൻ I) 75 വയസ്സ് വരെ 600 ii) 75 വയസ്സിനു മുകളിൽ 1500 3. വികലാംഗ പെൻഷൻ I) 80% ൽ താഴെ വൈകല്യമുള്ളവർ 800 ii) 80% ഉം അതിനു മുകളിലും വൈകല്യമുള്ളവർ 1100 4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ 800 5. വിധവാ പെൻഷൻ 800 |

സെക്ഷൻ ഓഫീസർ